ഉത്തരം

(എ) മട്ടന്നൂർ വ്യവസായ പാർക്കിന് വേണ്ടി വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അടങ്കൽ തുകയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകൂ.

(ബി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 719/2014/വ്യവ, തീയതി 28-06-2014 പ്രകാരം വെള്ളിയാംപറമ്പ് (മട്ടന്നൂർ) കിൻഫ്ര വ്യവസായ പാർക്കിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 5 കോടി രൂപയിൽനിന്നും ജി.ഒ. (ആർ. ടി.) നമ്പർ 935/2015/വ്യവ, തീയതി 9-9-2015 പ്രകാരം 1 കോടി രൂപയും ജി.ഒ. (ആർ. ടി.)നമ്പർ 142/2016/വ്യവ, തീയതി 8-2-2016 പ്രകാരം 1 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ 1.40 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

(സി) പാർക്കിന്റെ ചുറ്റുമതിൽ ഗേറ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

(ഡി) അടിസ്ഥാന സൗകര്യങ്ങളായ ജലവിതരണം, വൈദ്യുതി എന്നിവയ്ക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കാനുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഇവ രണ്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായത്തിലെ പ്രതിസന്ധി

148(2186) ശ്രീ. ജി. സുധാകരൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയും കൊടുംകാര്യസ്ഥതയും സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായത്തെ എത്രത്തോളം പ്രതിസന്ധിയിലെത്തിച്ചിട്ടുണ്ട് ;

(ബി) വൈദഗ്ധ്യമില്ലാത്തവരെ പൊതുമേഖലകളുടെ തലപ്പത്ത് കൊണ്ടുവന്നിട്ടുണ്ടോ ; ആയത് വ്യവസായ സ്ഥാപനങ്ങളുടെ പുരോഗതിക്ക് വിഘാതമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാവുമ്പോൾ അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നതിനും നല്ല നിലയിലുള്ള മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ടോ; ഇതിന്റെ അഭാവം ഇത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇന്ത്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ളത്. വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, കുറഞ്ഞ ഇറക്കുമതി ചുങ്കം മൂലം വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുമ്പോൾ അതിന്റെ കാരണം കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നതിനും നല്ല നിലയിലുള്ള മാനേജുമെന്റ് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്.

കെൽട്രോൺ നവീകരണം

149(2187) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിനെ നവീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly